# പാപത്തെ ക്ഷമിക്കുന്ന ദൈവസ്നേഹം

## സങ്കീർത്തനം 32:5

"ഞാൻ എന്റെ പാപം നിന്നോടറിയിച്ചു. എന്റെ അകൃത്യം മറെച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോടു ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു. അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു."

മനുഷ്യജീവിതത്തിൽ ഏറ്റം പ്രധാനമായി തിരിച്ചറിയേണ്ടതും, എന്നാൽ തിരിച്ചറിയാതെ തള്ളിക്കളയുന്നതുമായ ഒരു യാഥാർത്ഥ്യമുണ്ട്; പാപത്തിന്റെ ഏറ്റം വലിയ ശിക്ഷ ഒരു ജീവപര്യന്തമോ, വധശിക്ഷയോ അല്ല, മറിച്ച് പാപത്തിന്റെ പരിണിത ഫലമായി ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ് സംഭവിക്കുന്നത്. യേശുകർത്താവിന്റെ മഹാകരുണയാകുന്ന കത്തിക്കുമാത്രമേ പാപത്തിന്റെ ചെടിയുടെ വേര് അറുത്തു മാറ്റുവാൻ സാധിക്കൂ എന്നതു പരമമായ സത്യമാണ്.

ഇവിടെ വാക്യത്തിൽ നമുക്കു കാണാവുന്നതുപോലെ സങ്കീർത്തനക്കാരൻ ലംഘനങ്ങളെ ഏറ്റുപറയും എന്ന് ഹൃദയത്തിൽ തീരുമാനിച്ചപ്പോൾ തന്നെ അവന് പാപക്ഷമ ലഭിക്കുന്നു. അതേ, താൻ പാപി ആണെന്നും, തന്റെ ജീവിതം കറപുരണ്ടതാണെന്നും ഉള്ള തിരിച്ചറിവും സമർപ്പണവും ആണ് ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. 32–ാം സങ്കീർത്തനത്തിന്റെ തുടക്കം തന്നെ ഒരു ഭാഗ്യാവസ്ഥയുടെ വർണ്ണനയിലാണല്ലോ. "ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ" (**Psalms 32:1**). പാപത്തിന്റെ അറ്റുപോകാത്ത ഒരു ചെറിയ വേരുപോലും വലിയ അപകടകാരി ആകുന്നു. ഇന്ന് ഭാഗ്യം സൗന്ദര്യത്തിലും, ധനത്തിലും, മാനത്തിലും എന്നു മാത്രം അനുമാനിച്ച് ഓടുന്ന ജനതയ്ക്ക് ഇത് തികച്ചും ആശ്ചര്യം തന്നെ. എന്നാൽ യാഥാർത്ഥ്യത്തെ മനസ്സിലാക്കുവാനും അറിഞ്ഞ സത്യത്തെ മറ്റുള്ളവരുമായി പങ്കുവെച്ച് വലിയ അപകടത്തിൽ നിന്നും രക്ഷിക്കുവാനും ഓരോ ദൈവപൈതലും കടപ്പെട്ടിരിക്കുന്നു. നമ്മുടെ പ്രാർത്ഥനകളും വിലയേറിയതാകുന്നു.

**റോമർ 3:23** ൽ പറയുന്നതുപോലെ മനുഷ്യർ പാപത്തിന് അടിമയായി ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു. പഴയനിയമകാലത്ത് ഈ പാപപരിഹാരത്തിനായി മൃഗങ്ങളെ യാഗമർപ്പിച്ചു. പാപമെന്ന അന്യായത്തിന് ഒരു സ്ഥിരമായ പരിഹാരം ഉണ്ടായിരുന്നില്ല. മനുഷ്യൻ പരിമിതികൾ ഉള്ളവനാകയാൽ അക്കാര്യത്തിലും അത് പൂർണ്ണമായി നിറവേറ്റാൻ കഴിയില്ല. അതുകൊണ്ട് ഈ പാപങ്ങൾക്ക് പരിഹാരം വരുത്തുവാൻ ദൈവം തന്നെ മാർഗ്ഗം തിരഞ്ഞെടുത്തു. പാപമില്ലാത്ത, പാപം ചെയ്യാത്ത തന്റെ ശരീരം

പാപികൾക്കായി ഏല്പിച്ചു കൊടുത്തു. കാൽവറി ക്രൂശിൽ യാഗമായിത്തീർന്നു. ആ യാഗത്തെ അംഗീകരിച്ച് പാപത്തിൽ നിന്നു സ്വതന്ത്രനാകാൻ കഴിയും എന്ന സത്യം അഥവാ യാഥാർത്ഥ്യം സകല മനുഷ്യഹൃദയങ്ങളിലും ആഴങ്ങളിൽ പതിയട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.

നമ്മുടെ വീടിന്റെ മനോഹരമായ ഭിത്തിയിൽ അഴുക്കോ, കറയോ പുരണ്ടാൽ അതിനെ വൃത്തിയാക്കാൻ ചിലവേറിയ പെയിന്റ് ഉപയോഗിക്കും. ഇതുപോലെ പാപം ചെയ്യുമ്പോൾ ഓരോ വ്യക്തികളും ദൈവഹൃദയത്തിൽ അഴുക്കായ വരകളും, കറകളും കോറിയിടുകയാണ്. ഇതിന്റെ പരിഹാരത്തിനായി സ്വന്തകുമാരനെത്തന്നെ അവൻ ചെലവഴിച്ചു. ഈ യാഗത്തിന്റെ വിലയെ ഓരോ നിമിഷവും നമുക്ക് ധ്യാനിച്ച് പ്രത്യാശയോടിരിപ്പാൻ കർത്താവ് കൃപ നൽകട്ടെ.

മാനസാന്തരം എന്ന പ്രക്രിയ ഒറ്റ ദിവസത്തിലോ, സമയത്തിലോ ഒതുങ്ങുന്നതല്ല, അത് ദിനംതോറുമുള്ള, പുതുക്കി രൂപാന്തരപ്പെടുന്ന അനുഭവം ആയിരിക്കണം. അങ്ങനെ നിത്യതയിലേക്കുള്ള രൂപാന്തരം, അഥവാ ഇഹലോകത്തിൽ നിന്ന് സ്വർഗ്ഗീയ ലോകത്തിലേക്ക് ഒരു മാറ്റത്തിനായി ഒരുക്കം തുടങ്ങുക എന്നതാണ് യാഥാർത്ഥ്യം.

പാപത്തെ മറയ്ക്കുന്ന, ക്ഷമിക്കുന്ന ഒരേയൊരു മാർഗ്ഗം ക്രിസ്തുവിന്റെ രക്തത്താലുള്ള ശുദ്ധീകരണമാണ്. ഈ യേശുവിന്റെ സ്നേഹം, മാദ്ധ്യമങ്ങളോ, പുസ്തകങ്ങളോ മാത്രം തരുന്നതല്ല. ദൈവത്തിന്റെ പാപക്ഷമ അവന്റെ വചനത്തിലൂടെ നമ്മെ വെളിപ്പെടുത്തുന്നു, മനസ്സിലാക്കുന്നു, ശക്തീകരിക്കുന്നു, ഉറപ്പും ധൈര്യവും തരുന്നു. നമുക്കായി ഏല്പിച്ചു തന്ന പാപയാഗത്തിനായി നിരന്തരം സ്തോത്രം ചെയ്തുകൊണ്ട് ഒരു പുതുക്കി രൂപാന്തരപ്പെടുന്ന ദൈവപൈതലായി ജീവിക്കാൻ സമർപ്പിക്കാം. യേശുകർത്താവ് അതിനായി സഹായിക്കുമാറാകട്ടെ.

**പരാമർശം:**

2 കൊരിന്ത്യർ 5:21

പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കു വേണ്ടി പാപം ആക്കി.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 145**